# കൊച്ചിൻ ദേവസ്വം ബോർഡ്
## ചോറ്റാനിക്കര ദേവസ്വം

### ക്വട്ടേഷൻ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള ചോറ്റാനിക്കര അസിസ്റ്റൻറ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും അറിയിയ്ക്കുന്നത്.

ചോറ്റാനിക്കര ദേവസ്വം സത്രത്തിനു കീഴിലുള്ള തെക്കേ നടയിലുള്ള കംഫർട്ട് സ്റ്റേഷൻ, പൂരപ്പറമ്പിൽ സ്ഥിതി ചെയ്യുന്ന ഡി.ടി.പി.സി. കെട്ടിടം, നാരായണമന്ദിരം, ദർശന, സുദർശന, അമൃത, കാർത്തിക എന്നീ കെട്ടിടങ്ങളുടെ സെപ്റ്റിക്ടാങ്കുകൾ മാലിന്യം നീക്കി വൃത്തിയാക്കുന്നതിന് മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ലേലത്തിയ്യതി മുതൽ ഒരു വർഷക്കാലയളവിലേക്കാണ് കാലാവധി നിശ്ചയിച്ചിരിക്കുന്നത്.

ക്വട്ടേഷനുകൾ 12.11.21 തിയ്യതി 2 PM മണിയ്ക്ക് മുൻപായി അസിസ്റ്റൻറ് കമ്മീഷ്ണറാഫീസിൽ വച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതും, ആയത് അന്നേദിവസം 4 PM മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിയ്ക്കുന്നതും, കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച ആൾക്ക് നൽകുന്നതുമായിരിക്കും. ക്വട്ടേഷൻ നിരസിക്കുന്നതിനോ, മറ്റൊരു തിയ്യതിയിലേക്ക് മാറ്റി വയ്ക്കുന്നതിനോ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരമുള്ളതായിരിക്കും.

ക്വട്ടേഷനോടൊപ്പം ചോറ്റാനിക്കര അസിസ്റ്റൻറ് കമ്മീഷ്ണറുടെ പേരിൽ 5000/- ക.യുടെ ഡി.ഡി. (ചോറ്റാനിക്കര ബാങ്ക് ഓഫ് ബറോഡയിൽ മാറാവുന്നത്) അടക്കം ചെയ്യേണ്ടതാണ്. ടാങ്കുകൾ നിറയുന്ന മുറയ്ക്ക് കരാറുകാരനെ അറിയിക്കുന്നതും, ഭക്തജനങ്ങൾക്കും, പൊതുജനത്തിനും ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ മാലിന്യം നീക്കം ചെയ്യേണ്ടതുമാണ്. കരാറുകാരൻ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് വേണ്ടതായ ലൈസൻസ് വാങ്ങേണ്ടതാണ്.

ക്വട്ടേഷനിൽ ലോറി • 1ക്ക് അളവുസഹിതം ആയതിന്റെ തുക കാണിയ്ക്കേണ്ടതാണ്. മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരിപൂർണ്ണ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

മേൽസംഗതിയെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ചോറ്റാനിക്കര അസിസ്റ്റൻറ് കമ്മീഷ്ണർ ഓഫീസിലോ, സത്രത്തിലോ പ്രവൃത്തിസമയങ്ങളിൽ അന്വേഷിക്കാവുന്നതാണ്.

ചോറ്റാനിക്കര

3.11.21

അസിസ്റ്റൻറ് കമ്മീഷ്ണർ

ചോറ്റാനിക്കര ദേവസ്വം